(സി) അഗ്രികാർഡുകൾ അടിസ്ഥാന രേഖയാക്കി താഴെപ്പറയുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുവാനാണ് 2014-15 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്.

- കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും മറ്റു സഹായങ്ങളും
- ബാങ്കുകളിൽ നിന്നും 4.1 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ (crop loan)
- 7 ശതമാനം പലിശ നിരക്കിൽ മദ്ധ്യകാല-ദീർഘകാല വായ്പകൾ. ഇതിന് 50 ശതമാനം പലിശ സബ്സിഡി നൽകുന്നു.

(ഡി) കർഷക രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള 18.77 ലക്ഷം അപേക്ഷകൾ കർഷക ഡേറ്റാ ബേസിൽ ഡാറ്റാ എൻട്രി പൂർത്തിയാക്കിവരുന്നു. ഇതിലെ വിവരങ്ങൾ ഉൾപ്പെടുത്തി അഗ്രികാർഡ് വിതരണം എത്രയും വേഗം പൂർത്തിയാക്കുന്നതിനായി, ബാങ്കുകളുമായി സർക്കാർ തലത്തിൽ ചർച്ചകൾ നടന്നുവരുന്നു.

അനധികൃത അറവുശാലകൾ

20 (*590) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. വി. ശിവൻകുട്ടി :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃത അറവുശാലകൾ പൊതുജനാരോഗ്യത്തിന് കടുത്ത ഭീഷണിയായി ഉയർന്നിട്ടുള്ള കാര്യം അറിയാമോ ;

(ബി) അനുമതിയുള്ളവയിൽ തന്നെ പലതും വ്യവസ്ഥകൾ പാലിച്ചല്ല പ്രവർത്തിക്കുന്നതെന്ന കാര്യം അറിയാമോ ;

(സി) രോഗങ്ങളില്ലാത്ത നല്ല മൃഗങ്ങളെ മാത്രമേ മാംസത്തിനു വേണ്ടി ഉപയോഗിക്കുന്നുള്ളൂ എന്നുറപ്പാക്കുന്നുണ്ടോ ;

(ഡി) ഇതു സംബന്ധമായ നിയമവ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിനും അനധികൃത മാംസവിൽപന തടയാനും മാലിന്യ സംസ്കരണത്തിന് മതിയായ സംവിധാനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അറവുശാലകൾ വ്യവസ്ഥകൾ പാലിച്ചാണ് പ്രവർത്തിക്കുന്നതെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുവാൻ നഗരസഭകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ വകുപ്പുതലവൻമാർ നൽകിയിട്ടുണ്ട്. കശാപ്പിന് മുൻപും ശേഷവും മൃഗങ്ങളുടെ മാംസ പരിശോധന നടത്തണമെന്ന നിർദ്ദേശം നിലവിലുണ്ട്. ഇതു കർശനമായി പാലിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനും അനധികൃത മാംസ വിൽപ്പന തടയുന്നതിനും മാലിന്യ സംസ്കരണത്തിന് സംവിധാനം ഉറപ്പാക്കാനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ - ഫണ്ട് ലഭ്യത

21 (*591) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബഡ്ജറ്റിലൂടെ ഫണ്ട് നൽകപ്പെട്ട് നടപ്പാക്കപ്പെടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഫണ്ട് കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഫണ്ടിന്റെ ലഭ്യതക്കുറവിനെ സംബന്ധിച്ച വിശദാംശങ്ങൾ നല്കുമോ ;

(ഡി) ഇത് സംഭവിക്കുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ ?

ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) സംസ്ഥാന ബഡ്ജറ്റിലൂടെ ഫണ്ട് നൽകപ്പെട്ട് നടപ്പാക്കപ്പെടുന്നതായ, 2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പട്ടിക അനുബന്ധം1 ആയി നൽകുന്നു.*

(ബി) പ്രസ്തുത ഫണ്ട് കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ട്. കേന്ദ്ര ഫണ്ട് 2015 ജൂൺ 30 വരെ ലഭിക്കുന്നതിന് തടസ്സമൊന്നുമുണ്ടായിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly